## പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ആഗസ്റ്റ് 11, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

43 (*421 & *431) പെൺകുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, പെൺകുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ഇവർക്കു നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് പരാതിയോ അറിവോ ലഭിച്ചാൽ സ്റ്റേഷനതിർത്തി പരിഗണിക്കാതെ കേസ് രജിസ്റ്റർ ചെയ്ത് തുടരന്വേഷണത്തിന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ 24 മണിക്കൂറിനുള്ളിൽ കൈമാറുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും താമസയിടങ്ങളിൽ ചെന്ന് നേരിട്ട് പരാതി സ്വീകരിക്കുന്ന രീതി നടപ്പാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സ്ത്രീകൾക്ക് സ്വകാര്യമായി പരാതി

നൽകുന്നതിന് 'അപരാജിത' പോർട്ടൽ, പൊതു ഇടങ്ങളിലെ അവഹേളനങ്ങൾ, സൈബർ അതിക്രമങ്ങൾ തുടങ്ങിയവ പരിഹരിക്കുന്നതിന് 'പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ്' എന്നിവ രൂപീകരിച്ചിട്ടുണ്ട്. അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതകൾക്ക് "പോലീസ് കമാന്റ് സെന്ററി"ൽ നിന്നുള്ള സേവനം ലഭ്യമാക്കുകയും സോഷ്യൽ മീഡിയയിലെ ചതിക്കുഴികളെപ്പറ്റി രക്ഷകർത്താക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി 'സൂക്ഷിക്കണം e-കാലം' എന്ന സോഷ്യൽ മീഡിയ ക്യാമ്പയിൻ ആരംഭിക്കുകയും സ്ത്രീകളെയും കുട്ടികളെയും സൈബർ ആക്രമണങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് Cyber Crime Prevention against Women & Children (CCPWC) നടപ്പിലാക്കുകയും ഡാർക്ക് നെറ്റ്, സാമൂഹ്യമാധ്യമങ്ങൾ എന്നിവ പരിശോധിക്കുന്നതിന് 'വിക്റ്റിം ഐഡന്റിഫിക്കേഷൻ സിസ്റ്റം' ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. സ്ത്രീകൾക്കും കുട്ടികൾക്കും സ്കൂൾ, കോളേജ്, കുടുംബശ്രീ തുടങ്ങിയവ വഴി 'സെൽഫ് ഡിഫൻസ് ട്രെയിനിംഗ്' നൽകുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതു ഇടങ്ങളിലും പോലീസിന്റെ കർശന പട്രോളിംഗ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ

കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീമതി ആർ. നിശാന്തിനി ഐ.പി.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അനധികൃതമായി തോക്ക് കൈവശം വയ്ക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും മാനസയുടെ കൊലപാതകത്തിന്റെ പശ്ചാത്തലത്തിൽ പെൺകുട്ടികളെ അപായപ്പെടുത്താൻ ശ്രമിക്കുന്നവർക്കെതിരെ പോലീസ് നിരീക്ഷണം ഊർജ്ജിതമാക്കുകയും ചെയ്യുന്നുണ്ട്. സ്ത്രീധനം വാങ്ങുന്നവരെയും കൊടുക്കുന്നവരെയും ഒറ്റപ്പെടുത്താൻ സമൂഹം തയ്യാറാകണമെന്നും സ്ത്രീധനം ആവശ്യമില്ലെന്നുള്ള കാഴ്ചപ്പാടിലെത്താൻ യുവതീയുവാക്കൾക്കും മാതാപിതാക്കൾക്കും അവബോധം ഉണ്ടാകണമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

44 (*422) <u>കോവിഡ് അതിജീവനം</u>

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) നൽകിയ മറുപടിയിൽ, കോവിഡ് അതിജീവനം ലക്ഷ്യമാക്കി പന്ത്രണ്ടിന പരിപാടി പ്രഖ്യാപിച്ചിട്ടുണ്ടെന്നും സാമൂഹിക സന്നദ്ധസേനയുടെ സഹകരണത്തോടെ കിടപ്പുരോഗികൾ

വൃദ്ധജനങ്ങൾ, മാരക രോഗങ്ങൾ ബാധിച്ചവർ, ഭിന്നശേഷിക്കാർ തുടങ്ങിയ വിഭാഗങ്ങൾക്ക് ആവശ്യമായ മരുന്നും അടിയന്തര സർക്കാർ സേവനങ്ങളും വീടുകളിൽ എത്തിച്ചുനൽകുന്നതിന് 'വാതിൽപ്പടി സേവനം' പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 'വിശപ്പുരഹിത കേരളം' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്താകെ 1145 ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടെന്നും കാർഷിക-വ്യാവസായിക-സേവനമേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കുടുംബശ്രീയുടെ കീഴിൽ നൂജെൻ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണെന്നും കമ്മ്യൂണിറ്റി കിച്ചണുകളുടെ പ്രവർത്തനം തുടരുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലേർപ്പെടുന്ന സന്നദ്ധപ്രവർത്തകർക്ക് സർട്ടിഫിക്കറ്റുൾപ്പെടെ നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും കോവിഡിന്റെ മൂന്നാംതരംഗം നേരിടുന്നതിന്റെ ഭാഗമായി പ്രതിരോധപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും ആഗസ്റ്റ് 15-ന് മുമ്പ് 60 വയസ്സ് കഴിഞ്ഞ മുഴുവൻപേർക്കും വാക്സിനേഷൻ പൂർത്തിയാക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

45 (*423) <u>ഐ.ടി. മേഖലയുടെ വികസനം</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, കേരളത്തിൽ ഐ.ടി മേഖലയെ ലോകോത്തര സംവിധാനമാക്കി വികസിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്നും സർക്കാർ ഐ.ടി പാർക്കുകളിൽ പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും ബഹുരാഷ്ട്ര കമ്പനികൾ ഉൾപ്പെടെയുള്ള ഐ.ടി സംരംഭകർക്ക് പ്രവർത്തിക്കാനാവശ്യമായ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ടെന്നും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വാടക ഇളവും മറ്റാനുകൂല്യങ്ങളും നൽകിയിട്ടുണ്ടെന്നും 21 ലക്ഷം ചതുരശ്ര അടി ഐ.ടി സ്പേസും 56000 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ പ്രാപ്തമാകുംവിധം പുതിയ പ്രോജക്ടുകൾ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെന്നും സഭയെ അറിയിച്ചു. തൊഴിലില്ലാത്ത അഭ്യസ്തവിദ്യർക്ക് ഡിജിറ്റൽ നൈപുണ്യ പരിശീലനം നൽകുന്നതിന് 'സ്കിൽ മിഷൻ' രൂപീകരിക്കാനും ആഗോള കമ്പനികളുടെ ജോലി സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതോടൊപ്പം നൂതന സാങ്കേതികവിദ്യകളെ അടിസ്ഥാനമാക്കി പുതിയ ചെറുകിട സംരംഭങ്ങളും വ്യവസായങ്ങളും

യാഥാർത്ഥ്യമാക്കാനും ഇന്നൊവേഷൻ ചലഞ്ച് സംഘടിപ്പിച്ച് മത്സരാർത്ഥികൾക്ക് സാമ്പത്തിക പ്രോത്സാഹനം നൽകാനും ലക്ഷ്യമിടുന്നുണ്ട്. ഡിജിറ്റൽ യൂണിവേഴ്സിറ്റി, KTU, KDISC എന്നിവയുടെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ മിഷൻ പ്രാവർത്തികമാക്കുമെന്നും ഇ-ഗവേണൻസ് പദ്ധതി സാർവ്വത്രികമാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കേരളത്തിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഹബ്ബായി തിരുവനന്തപുരത്തെ ഉയർത്തുകയും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും ചെയ്യുന്നതാണ്. 5 വർഷം കൊണ്ട് 15000 സ്റ്റാർട്ടപ്പുകൾ ആരംഭിച്ച് ഒരു ലക്ഷം പേർക്ക് തൊഴിൽ നൽകാനും 250 കോടി രൂപയുടെ വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട് ആരംഭിക്കാനും സൈബർ സുരക്ഷയ്ക്ക് സംവിധാനമേർപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ട്. ഇ-വേസ്റ്റുകൾ ഡിസ്പോസ് ചെയ്യുന്നതിന് സംവിധാനമേർപ്പെടുത്തുമെന്നും കെ-ഫോൺ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായിട്ടുണ്ടെന്നും നാളിതുവരെ 7389 സർക്കാർ സ്ഥാപനങ്ങളെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ മുഖേന ബന്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

46(*424) <u>കോവിഡ് നിയന്ത്രണം</u>

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) നൽകിയ മറുപടിയിൽ, കൃത്യമായ രോഗ സ്ഥിരീകരണം, മികച്ച പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയിലൂടെ കേരളത്തിൽ കോവിഡ് രോഗവ്യാപനവും മരണനിരക്കും പിടിച്ചു നിർത്താനായിട്ടുണ്ടെന്നും ഡെൽറ്റ വകഭേദംമൂലമാണ് ഏപ്രിൽ ആദ്യവാരം രോഗവ്യാപനത്തിൽ വർദ്ധനവുണ്ടായതെന്നും സഭയെ അറിയിച്ചു. മികച്ച പൊതുജനാരോഗ്യ സംവിധാനവും വർദ്ധിച്ച അവബോധവും രാഷ്ട്രീയ ഉത്തരവാദിത്തവും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് കരുത്തേകിയിട്ടുണ്ട്. ഐ.സി.എം.ആർ. നടത്തിയ സീറോ സർവൈലൻസ് പഠനത്തിൽ രോഗവ്യാപന നിരക്ക് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണെന്നും മികച്ച രീതിയിൽ വാക്സിനേഷൻ നടത്തുന്നതിനാൽ ചികിത്സ തേടുന്നവരുടെയും ഐ.സി.യു.-ലും വെന്റിലേറ്ററിലും അഡ്മിറ്റ് ആകുന്നവരുടെയും എണ്ണത്തിൽ വലിയതോതിലുള്ള കുറവുണ്ടായിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സോപ്പ്, മാസ്ക്, സോഷ്യൽ ഡിസ്റ്റൻസിംഗ് എന്നിവ ദിനചര്യയുടെ ഭാഗമാക്കിയും രോഗം

സ്ഥിരീകരിക്കപ്പെടുന്നവരെ നിരീക്ഷണത്തിലാക്കിയും രോഗലക്ഷണങ്ങളും മറ്റ് അനുബന്ധരോഗങ്ങളും ഉള്ളവർക്ക് അടിയന്തര ചികിത്സ ലഭ്യമാക്കിയും വീടുകളിൽ ക്വാറന്റൈൻ സൗകര്യമില്ലാത്തവർക്ക് ഡൊമിസിലിയറി കെയർ സെന്ററുകളും ആശുപത്രികളിൽ തിരക്ക് കുറയ്ക്കുന്നതിന് സി.എഫ്.എൽ.റ്റി.സി, സി.എസ്.എൽ.റ്റി.സി സംവിധാനങ്ങളുമൊരുക്കിയും രോഗവ്യാപനം പിടിച്ചുനിർത്താൻ നടപടി സ്വീകരിച്ചുവരുന്നു. പൊതുജനങ്ങളുടെ ജീവനും ജീവനോപാധിയും സംരക്ഷിക്കുന്നതിന് പ്രഥമ പരിഗണന നൽകിക്കൊണ്ടാണ് ലോക്ഡൗൺ അടക്കമുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെന്നും മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ ആരോഗ്യ വകുപ്പ് പ്രത്യേക ജാഗ്രത പുലർത്തുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. PM CARES പദ്ധതിയിൽ ലഭ്യമായ വെന്റിലേറ്ററുകളുടെ തകരാർ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും കോവിഡാനന്തര ചികിത്സയ്ക്കായി അലോപ്പതി, ആയുർവ്വേദം, ഹോമിയോ തുടങ്ങിയവയുടെ സേവനവും മാനസിക പ്രശ്നങ്ങൾക്ക് കൗൺസിലിംഗും ലഭ്യമാക്കുന്നുണ്ടെന്നും തീരദേശങ്ങളിൽ പ്രത്യേക വാക്സിൻ ഡ്രൈവ് നടത്തി രോഗം നിയന്ത്രണവിധേയമാക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.